# സ്വസ്ഥമീ സന്താനലബ്ധി

"തൻ കുഞ്ഞിനേകിടും ശുദ്ധശീലങ്ങളും പാഠവും
തൻമനം കുളിർപ്പിക്കുവമൻ യൗവനേ നിത്യവും"

എന്ന് ഒരു അറബിപഴമൊഴി. ഇതിൻെറ വഴിയെ ചില കാര്യങ്ങൾ ഉണർത്തുക യാണ്. ഇതേ പംക്തിയിൽ നേരത്തെ സൂചിപ്പിച്ച വിഷയം സാന്ദർഭികമായി ഒന്നു കൂടി ഓർമ്മപ്പെടുത്തുകയാണ്.

ഏത് സാഹചര്യത്തിലാണോ ഒരു കുഞ്ഞ് വളർത്തപ്പെടുന്നത് ആ സ്വഭാവത്തി ലായിരിക്കും അവൻ തൻെറ യുവത്വവും വാർധക്യവും പിന്നിടുക.

സന്താനങ്ങൾ ജീവിതത്തിൻെറ അലങ്കാരങ്ങളാണ്. അവർ തന്നെ ശത്രുക്കളുമാകുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. പക്ഷേ, അതിനുള്ള സാഹചര്യ ങ്ങൾ ഒരുക്കുന്നത് രക്ഷിതാക്കളാണ്.

കുട്ടികളുടെ കാര്യത്തിൽ ആവലാതി പറയുന്ന രക്ഷിതാക്കൾ നമുക്കിടയിൽ ധാരാളമുണ്ട്. തങ്ങൾ ഉദ്ദേശിച്ചതുപോലെ കുട്ടികൾ നന്നാകുന്നില്ല എന്നാണ് ആവലാതി.

അതിനാൽ സാമ്പത്തിക ശേഷിയുള്ള പലരും തങ്ങളുടെ കുട്ടികളെ ഹോസ്റ്റ ലുകളിൽ ചേർത്ത് പഠിപ്പിക്കാറുണ്ട്. സാംസ്കാരികമായും വിദ്യാഭ്യാസപരമായും അവർ ഉയർന്ന നിലവാരം പുലർത്തണം എന്നാണ് രക്ഷിതാക്കളെ അതിന് പ്രേരിപ്പി ക്കുന്നത്.

കുഞ്ഞുങ്ങളെ സംബന്ധിച്ച ഈ നടപടി രണ്ട് സന്ദർഭങ്ങളിലാണ് ഉണ്ടാകു ന്നത്. ഒന്ന്, എല്ലാം കൊണ്ടും മോശക്കാരനായ കുട്ടിയെ വീട്ടിൽ നിർത്തിയാൽ കൂടു തൽ മോശമാകും എന്ന വിചാരത്തിൽനിന്ന്. രണ്ട്, കുഞ്ഞിന് നിലവിലുള്ള സാഹച ര്യം പോരാ, ഹോസ്റ്റലിലെ താമസം അവൻെറ ജീവിതത്തിന് കൂടുതൽ നല്ല ദിശാ ബോധം നല്കും എന്ന തിരിച്ചറിവിൽനിന്ന്. ഈ രണ്ട് സന്ദർഭങ്ങളും പലവിധത്തി ലുള്ള സാഹചര്യങ്ങളിൽനിന്നും ഉണ്ടാകുന്നതാണ്. രക്ഷിതാക്കളുടെ പരിചരണ ശൈ ലിയും ഗാർഹികാന്തരീക്ഷവും അതിൽ അനല്പമായ സ്വാധീനം ചെലുത്തുന്നുണ്ട്.

മക്കൾ ചെയ്യുന്ന കൃത്യങ്ങളുടെ പേരിൽ വേദനയനുഭവിച്ചു ജീവിക്കുന്ന ഒ ട്ടേറെ രക്ഷിതാക്കളെ കാണാം. രക്ഷിതാക്കളുടെ ശാസനകളെ വകവെക്കാതെ ജീവി ക്കുന്ന ധാരാളം സന്താനങ്ങളും ഉണ്ടാകാം. ഈ വൈപരീത്യം കുടുംബാന്തരീക്ഷത്തിൽ അനാരോഗ്യകരമായ സാഹചര്യം ഉണ്ടാക്കുന്നവയാണ്.

മക്കളോടുള്ള വാത്സല്യം കാരണം പല രക്ഷിതാക്കളും അവരെ വേണ്ട വിധ ത്തിൽ ഗുണദോഷിക്കുവാനോ ഉപദേശിക്കാനോ വല്ലാതെ മുതിരാറില്ല. അത് കുട്ടി കളോടുള്ള യഥാർഥ സ്നേഹമല്ല. അവൻ ചീത്തയാകാനുള്ള വഴി ഒരുക്കിക്കൊടു ക്കുകയാണതു വഴി ചെയ്യുന്നത്.

ധാർമികപാഠങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കണമെന്നു തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിൻെറ അഭാവത്തിലാണ് തങ്ങൾ ചെയ്യുന്ന കാര്യങ്ങളുടെ ഭവി ഷ്യത്തുകളെ സംബന്ധിച്ച് കുട്ടികൾ ചിന്തിക്കാത്തത്. അവർക്ക് തോന്നുന്നത് അവർ ചെയ്യുന്നു, ഭവിഷ്യത്തുകളുടെ പേരിൽ രക്ഷിതാക്കൾ പ്രയാസപ്പെടുകയും ചെയ്യുന്നു.

അത്തരം അവസ്ഥകളിലേക്ക് കുട്ടികളെ തള്ളിവിടാതിരിക്കാൻ രക്ഷിതാക്കൾ ബാധ്യസ്ഥരാണ്. ഈ ഒഴിവ്കാലങ്ങളിൽ അതിനുള്ള ശ്രമം ഉണ്ടാകണം. പലതരത്തി ലുള്ള കോഴ്സുകളും ഈ അവധിദിനങ്ങളിൽ എമ്പാടുമുണ്ട്. അവ തൻെറ കുഞ്ഞിന് പ്രയോജനപ്പെടുത്താൻ രക്ഷിതാക്കൾ ശ്രദ്ധ പുലർത്തണം.

അവധി ദിനങ്ങളെ വെറുതെ നശിപ്പിക്കുവാൻ മക്കളെ അനുവദിക്കരുത്. അവർക്കും രക്ഷിതാക്കൾക്കും ഗുണം ചെയ്യുന്ന ക്രിയാത്മക രീതിയിൽ അത് വിനി യോഗിക്കുക തന്നെ വേണം.